**മേലെഴുത്ത് നമ്പർ: DTETVM/11445/2024-EA2 (EA) തീയതി: 03-01-2025**

---

സൂചന: പി1/458/2024/ഉ.വി.വ തീയതി: **27.11.2024**

സൂചനയിലെ സർക്കാർ കത്ത് ഈ വകുപ്പിന് കീഴിലുള്ള എല്ലാ ജീവനക്കാരുടെയും അറിവിലേക്കും തുടർ നടപടികളിലേക്കുമായി ഉള്ളടക്കം ചെയ്യുന്നു.

**A Mansoor**

**ADMINISTRATIVE ASSISTANT**

Signed by
Mansoor A
Date: 03-01-2025 11:46:20

OFFICE OF THE DIRECTOR OF TECHNICAL EDUCATION
29 NOV 2024
THIRUVANANTHAPURAM-33

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ(പി) )വകുപ്പ്

നമ്പർ.പി1/458/2024/ഉ.വി.വ. 27-11-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം.
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.
5. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.
6. സ്റ്റേറ്റ് എൻ. എസ്.എസ്. ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ. എസ്.എസ്. സെൽ, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം.
7. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഹെഡ് ഓഫീസ് കോംപ്ലക്സ് , വട്ടിയൂർക്കാവ്, തിരുവനന്തപുരം-13.
8. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്, തിരുവനന്തപുരം.
9. ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം.
10. ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് & ടെക് നോളജി, തിരുവനന്തപുരം.
11.ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യുയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ, ചാരാച്ചിറ, കവടിയാർ പി. ഓ, തിരുവനന്തപുരം - 3
12. പ്രിൻസിപ്പൽ, ലാ കോളേജ്, തിരുവനന്തപുരം.
13. പ്രിൻസിപ്പൽ, ലാ കോളേജ്, എറണാകുളം.
14. പ്രിൻസിപ്പൽ, ലാ കോളേജ്, തൃശ്ശൂർ.
15. പ്രിൻസിപ്പൽ, ലാ കോളേജ്, കോഴിക്കോട് .
16. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.
17. രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല , എം.ബി.എ ബിൽഡിംഗ്, എൻജിനിയറിംഗ് കോളേജ്, ശ്രീകാര്യം, തിരുവനന്തപുരം.
18. രജിസ്ട്രാർ, ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം.
19. രജിസ്ട്രാർ, മഹാത്മ ഗാന്ധി സർവ്വകലാശാല, കോട്ടയം.
20. രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം.
21. രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക് നോളജി, കൊച്ചി - 22.
22. രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS),

കളമശ്ശേരി, കൊച്ചി, എറണാകുളം.
23. രജിസ്ട്രാർ, മലയാള സർവ്വകലാശാല, തിരൂർ, മലപ്പുറം.
24. രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
25. രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല, കണ്ണൂർ.
26. മെംബർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൺസിൽ,
KSSTM കാംപസ്, വികാസ് ഭവൻ, തിരുവനന്തപുരം.
27.ഡയറക്ടർ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്, വൈലോപ്പിള്ളി സംസ്കൃതിഭവൻ നളന്ദ പി.ഒ, തിരുവനന്തപുരം.
28. എൻട്രൻസ് പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
29. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എ.എസ്.എ.പി (ASAP),ട്രാൻസ് ടവേഴ്സ്,
വഴുതയ്ക്കാട്, തിരുവനന്തപുരം.
30. സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, RUSA,യൂണിവേഴ്സിറ്റി സ്റ്റേഡിയം,
തിരുവനന്തപുരം.
31.ഡയറക്ടർ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ്& ആർട്സ്, തെക്കുംതല, കാഞ്ഞിരമറ്റം, കോട്ടയം.

സർ,

വിഷയം:- മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ചസമിതി (2021-23)- ഒന്നാമത് റിപ്പോർട്ട്- സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 12/09/2024-ലെ 836/C.W.S.C.1/2024/ ലെ ജി നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2021-23) ഒന്നാമത് റിപ്പോർട്ടിലെ 10-ാമത് ഖണ്ഡികയിൽ സമിതിയുടെ പരിഗണനയ്ക്കായി ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം റിപ്പോർട്ടുകൾ ലഭിക്കാത്തത് സമിതിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും റിപ്പോർട്ടുകൾ ലഭിക്കുന്നതിനായി വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ, മുതിർന്ന പൗരന്മാരോടുള്ള കടുത്ത നീതി നിഷേധമാണെന്ന്, സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ തീർപ്പ് കൽപ്പിക്കത്തക്ക വിധത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കുന്ന ഹർജികളിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് കാലതാമസം കൂടാതെ റിപ്പോർട്ടുകൾ സമിതി മുമ്പാകെ സമർപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനും സമിതി നിർദ്ദേശം കർശനമായി പാലിക്കുന്നതിനും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കുന്ന ഹർജികളിൻമേൽ തീർപ്പ് കൽപ്പിക്കത്തക്കവിധത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

2) സമിതി തേടുന്ന റിപ്പോർട്ട് തപാൽ ഘട്ടം മുതൽ റിപ്പോർട്ട് അന്തിമമാക്കി സമിതിക്ക് ലഭ്യമാക്കുന്നത് വരെ ഓഫീസ് മാനുവലുകളിൽ അനുശാസിക്കും വിധം അടിയന്തര

പ്രാധാന്യമുള്ള വിഷയമായി പരിഗണിച്ച് പരിശോധന നടത്തേണ്ടതാണ്.

3) ഇത്തരം പരാതികൾ കൈകാര്യം ചെയ്യുന്ന എല്ലാവരും സമയബന്ധിതമായി തീർപ്പ് കൽപിക്കേണ്ട വിഷയമാണെന്ന് കരുതി അവധാനതയോടുകൂടി ഫയൽ പരിശോധന നടത്തേണ്ടതാണ്.

4) മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് വകുപ്പ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

5) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് ഗൗരവതരമായി കണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
PARVATHY S A
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

Signed by
Geetha. P. S
സെക്ഷൻ ഓഫീസർ
Date: 27-11-2024 17:10:36